# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

# കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ്. 69/2020 (ചൊവ്വാഴ്ച)** **തീയ്യതി:17.11.2020**

## അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 18.11.2020 | 19.11.2020 | 20.11.2020 | 21.11.2020 | 22.11.2020 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 10 | 15 | 20 | 10 | 1 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 26 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 88 | 88 | 88 | 88 | 88 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 57 | 57 | 57 | 57 | 57 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 14 | 14 | 10 | 12 | 12 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 70 | 70 | 90 | 90 | 90 |
| മേഘവ്യാപ്തി (ഒക്ട) | 7 | 7 | 8 | 6 | 3 |

ജില്ലയിൽ വരും ദിവസങ്ങളിൽ നേരിയ മഴ മുതൽ മിതമായ മഴ വരെ ഉണ്ടാകാൻ സാധ്യത. കൂടിയ താപനില 32 °C വരെയും കുറഞ്ഞ താപനില 26 °C വരെയും പ്രതീക്ഷിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ**: വരണ്ടതോ തെളിഞ്ഞതോ ആയ കാലാവസ്ഥയിൽ മാത്രമേ സ്പ്രേയിംഗ് നടത്താവു. കീടരോഗ നിയന്ത്രണത്തിന് മുൻകരുതലായി ജൈവ മാർഗ്ഗങ്ങൾ അവലംബിക്കുന്നതാണ് ഉചിതം.

## കാർഷിക നിർദ്ദേശങ്ങൾ

| വിള | രോഗ കീടങ്ങൾ/ വിളപരിപാലനം | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | തവിട്ടു പുള്ളിക്കുത്ത് | നെൽപ്പാടങ്ങളിൽ തവിട്ടു പുള്ളിക്കുത്തു രോഗം കണ്ടുവരുന്നുണ്ട്. ഇത് നിയന്ത്രിക്കുന്നതിനായി മാങ്കോസെബ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ പ്രൊപിനെബ് 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. |
| കാബേജ്, കോളിഫ്ലവർ | നടീൽ | കാബേജ്, കോളിഫ്ലവർ എന്നിവയുടെ തൈകൾ പറിച്ചു നടുന്നതിനു അനുയോജ്യമായ സമയമാണിത്. ധാരാളം സൂര്യപ്രകാശവും നല്ല നീർവാർച്ചയുമുള്ള കൃഷിസ്ഥലമാണ് ഉചിതം. ഒരടി വീതിയിലും അരയടി താഴ്ചയിലും ആവശ്യമായ നീളത്തിൽ രണ്ടടി അകലത്തിൽ ചാലുകൾ കീറി അവയിൽ മേൽമണ്ണും ചാണകപ്പൊടി/കമ്പോസ്റ്റ് (സെന്റിന് 100 കിലോ) എന്നിവയും ചേർത്ത് അതിൽ ഒന്നരയടി അകലത്തിൽ തൈകൾ നടാം. |
| വെണ്ട | ഇലപ്പുള്ളി രോഗം | വെണ്ടയിൽ വരാൻ സാധ്യതയുള്ള ഇലപ്പുള്ളി രോഗത്തിനെതിരായി 20 ഗ്രാം ട്രൈക്കോഡെർമ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. കീടനാശിനികളായ മാങ്കോസെബ് (3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ ടെബുകൊണാസോൾ (1 ml ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) എന്നിവയിൽ ഏതെങ്കിലും തളിച്ച് കൊടുക്കാവുന്നതാണ് |
| തെങ്ങ് | കടചീയൽ | തെങ്ങിൽ വരാൻ സാധ്യതയുള്ള കടചീയൽ രോഗത്തിന് മുൻകരുതലായി 50 ഗ്രാം ട്രൈക്കോഡെർമ തെങ്ങൊന്നിന് എന്ന കണക്കിൽ ജൈവ വളവുമായി ചേർത്ത് ചുവട്ടിൽ ഇട്ടുകൊടുക്കുക. എന്നാൽ ചെന്നീരൊലിപ്പ് ശ്രദ്ധയിൽപ്പെട്ടാൽ നീരൊലിക്കുന്ന ഭാഗം ചെത്തി വൃത്തിയാക്കി ട്രൈക്കോഡെർമ കുഴമ്പു രൂപത്തിലാക്കി തേച്ചുകൊടുക്കുക. |